# മയാമിയിൽ ചരിത്രമെഴുതി വൈദിക കൂട്ടായ്മ "കൊയ്നോനിയ 2025"

**ജോയി കുറ്റിയാനി**

മയാമി: അമേരിക്കൻ മലയാളികളുടെ ക്രൈസ്തവ ആത്മീയ യാത്രയ്ക്ക് മഹത്തായ പുത്തൻ അദ്ധ്യായം എഴുതി ചേർത്താണ് മലയാളി കത്തോലിക്ക വൈദീക സമ്മേളനത്തിന് മയാമിയിൽ തിരിതെളിഞ്ഞത്.

ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിൽ മാത്രമല്ല വിശാലമായ അമേരിക്കൻ കത്തോലിക്ക സമൂഹത്തിനായി അമേരിക്കയിലുടനീളം ഇന്ന് അഞ്ഞൂറോളം മലയാളി കത്തോലിക്ക വൈദികർ ആത്മീയ അജപാലന ശുശ്രൂഷകളും അതോടൊപ്പം വിവിധ മേഖലകളിലും സേവനം ചെയ്തു വരുന്നു.

കേരളത്തിന്റെ ആഴമേറിയ ആത്മീയ വിശ്വാസ പാരമ്പര്യവും ഇന്ത്യൻ കത്തോലിക്ക സഭാ അനുഷ്ഠാനങ്ങളും ചേരുന്ന സീറോ മലബാർ, സീറോ മലങ്കര, ലാറ്റിൻ റീത്തുകളും ക്നാനായ സഭയും വിവിധ സന്യാസി സമൂഹങ്ങളും കോൺഗ്രിഗേഷനുകളിൽ നിന്നുമുള്ള വൈദികരുമാണ് ചിക്കാഗോ സീറോ മലബാർ രൂപതയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇദംപ്രഥമമായി സംഘടിപ്പിക്കപ്പെട്ട അമേരിക്കൻ മലയാളി കത്തോലിക്ക വൈദിക







മഹാസംഗമത്തിൽ പങ്കെടുത്തത്.

"കൊയ്നോനിയ 2025" എന്ന് പേരുനൽകിയ ഈ വൈദിക സമ്മേളനം; വിശ്വാസ-ആത്മീയ ഐക്യത്തിന്റെയും ഭക്തിയുടെയും കൂട്ടായ ബലിയർപ്പണത്തിന്റെയും സഹവർത്തിത്വത്തിന്റെയും കലാസാംസ്കാരിക-വൈഭവ സമന്വയത്തിന്റെയും അസാമാന്യമായ ഒരു മഹോത്സവമായി തീർന്നു.

നവംബർ 18, 19 തീയതികളിലായി നടന്ന ഈ സമ്മേളനത്തിൽ നൂറ്റിഅമ്പതോളം വൈദികർ പങ്കെടുത്തു.


നവംബർ 18-ന് ചൊവ്വാഴ്ച വൈകുന്നേരം അഞ്ചുമണിക്ക് കോറൽ സ്പ്രിങ്സ് സെന്റ് എലിസബത്ത് ആൻ സെറ്റൺ കാത്തലിക് ചർച്ച് മൈതാനത്ത് എത്തിച്ചേർന്ന മയാമി ആർച്ച് ബിഷപ് തോമസ് വെൻസ്കി, അമേരിക്കൻ ബിഷപ് കോൺഫറൻസ് അംഗവും പെൻസിക്കോള ബിഷപ്പുമായ വില്യം എ. വാക്ക്, ചിക്കാഗോ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ ബിഷപ് ജോയ് ആലപ്പാട്ട്, ചിക്കാഗോ രൂപതയുടെ പ്രഥമ മെത്രാൻ ബിഷപ് എമിരറ്റസ്, ബിഷപ് ജേക്കബ് അങ്ങാടിയത്ത്, വികാർ ജനറൽമാരായ ഫാ. ജോൺ മേലേപ്പുറം, ഫാ. തോമസ് കടുകപ്പള്ളി എന്നിവരോടൊപ്പം അതിഥികളായി എത്തിയ നൂറ്റി അൻപത് വൈദികരെയും കേരള തനിമയുടെ പാരമ്പര്യം ഉണർത്തുന്ന താലപ്പൊലിയും മുത്തുക്കുടകളും ചെണ്ടവാദ്യങ്ങളുടെയും അകമ്പടിയോടെ, ചുവപ്പ് പരവതാനിയിലൂടെ നൈറ്റ് ഓഫ് കൊളംബസിന്റെ ഗാർഡ് ഓഫ് ഓണർ ഏറ്റുവാങ്ങി ദേവാലയത്തിലേക്ക് ഘോഷയാത്രയായി ആനയിച്ചു.

തുടർന്ന് ചിക്കാഗോ രൂപതാദ്ധ്യക്ഷൻ ബിഷപ് മാർ ജോയ് ആലപ്പാട്ടിന്റെ മുഖ്യ കാർമ്മികത്വത്തിലും മൂന്ന് ബിഷപ്പുമാരുടെ സഹ കാർമ്മികത്വത്തിലും 150-ഓളം വൈദികർ ചേർന്ന് മലയാളത്തിൽ ഭക്തിനിർഭരമായി വിശുദ്ധ ബലിയും തിരുക്കർമ്മങ്ങളും അർപ്പിച്ചത് വിശ്വാസി സമൂഹത്തിന് അനിർവ്വചനീയമായ ഒരു ദൈവീകാനുഭവ സന്ധ്യയായി മാറുകയായിരുന്നു.

തുടർന്ന് അത്താഴ വിരുന്നും അതോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനത്തിൽ ബിഷപ് ജോയ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു.

ആർച്ച് ബിഷപ് തോമസ് വെൻസ്കി, കൊയ്നോനിയയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു. മലയാളി കത്തോലിക്ക വൈദിക സമൂഹം അമേരിക്കൻ സമൂഹത്തിന് ചെയ്തു വരുന്ന ശുശ്രൂഷകളെയും സേവനങ്ങളെയും അദ്ദേഹം പ്രകീർത്തിക്കുകയും പ്രശംസിക്കുകയും ചെയ്തു.

ബിഷപ് വില്യം എ. വാക്കിന്റെ പ്രചോദനാത്മക സന്ദേശത്തിൽ കേരള വൈദികരുടെ തീക്ഷ്ണമായ മിഷിനറി പ്രവർത്തനങ്ങളെകുറിച്ചും പ്രവാസി വിശ്വാസ സമൂഹത്തിന്റെ ക്രൈസ്തവ സാക്ഷ്യത്തെക്കുറിച്ചും ഒന്നുമില്ലായ്മകളിൽനിന്ന് കുറഞ്ഞ സമയംകൊണ്ട് അമേരിക്കയിൽ സീറോ മലബാർ സഭയുടെ വളർച്ചയും വിശ്വാസാധിഷ്ഠിതമായ ക്രൈസ്തവ കുടുംബ ജീവിതത്തെകുറിച്ചും അഭിനന്ദനങ്ങൾ നേർന്നു സംസാരിച്ചു.



ഇന്ത്യക്ക് വെളിയിൽ സീറോ മലബാർ സഭയ്ക്ക് ആദ്യമായി ഒരു രൂപത ചിക്കാഗോയിൽ സ്ഥാപിക്കപ്പെടുകയും അതിന്റെ പ്രഥമ ബിഷപ്പാകുകയും ചെയ്ത ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തിന് അദ്ദേഹത്തിന്റെ എപ്പിസ്കോപ്പൽ ഓർഡിനേഷന്റെ സിൽവർ ജൂബിലി ആശംസകൾ അർപ്പിക്കുകയും ബിഷപ് ജോയ് ആലപ്പാട്ട് പൊന്നാട അണിയിച്ച് ആദരിക്കുകയും



ജൂബിലി കേക്ക് മുറിച്ച് പങ്കുവെക്കുകയും ചെയ്തു.

പൊതുസമ്മേളനത്തിൽ സീറോ മലബാർ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ, കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, ക്നാനായ വികാരി ജനറൽ റവ. ഫാ. തോമസ് മുളവനാൽ, ഇന്ത്യൻ കോൺസിൽ ജനറൽ അറ്റ്ലാന്റാ രമേശ് ബാബു ലക്ഷ്മൺ തുടങ്ങിയവരുടെ ആശംസാ സന്ദേശം എൽഇഡി സ്ക്രീനിൽ പ്രദർശിപ്പിച്ചു. ചിക്കാഗോ സീറോ മലബാർ സഭയുടെ കഴിഞ്ഞ 25 വർഷത്തെ ശ്രദ്ധേയമായ വളർച്ചയെയും നേട്ടങ്ങളെയും കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശന വേദിയിൽ അവതരിപ്പിച്ചു. 2026 ജൂലൈ ഒൻപത് മുതൽ 12 വരെ തീയതികളിൽ ചിക്കാഗോയിൽവെച്ച് നടത്തപ്പെടുന്ന സീറോ മലബാർ രൂപതാ സിൽവർ ജൂബിലി കൺവൻഷന്റെ കിക്കോഫ് വേദിയിൽ നടത്തപ്പെട്ടു.

സിൽവർ ജൂബിലി കൺവൻഷൻ ഗാനം പാടി പൊതുസമ്മേളനം സമാപിച്ചു.

തുടർന്ന് മയാമി ഔവർ ലേഡി ഓഫ് ഹെൽത്ത് ഫൊറോന ദേവാലയത്തിലെ പ്രതിഭാധനരായ നൂറ്റി ഇരുപത്തിയഞ്ചോളം കലാകാരന്മാർ ചേർന്ന് അവതരിപ്പിച്ച സ്റ്റേജ് ഷോ 'പാവനം' ഈ കലാസന്ധ്യയെ ഏറ്റവും ആകർഷകമാക്കി.

പൊതു സമ്മേളനത്തിൽ 'കൊയ്നോനിയ 2025" ചെയർമാനും ഔവർ ലേഡി ഓഫ് ഹെൽത്ത് വികാരിയുമായ ഫാ. ജോർജ് ഇളമ്പാശ്ശേരി ആമുഖപ്രസംഗവും വികാരി ജനറലും പ്രീസ്റ്റ് ഗാദറിങ് സഹ രക്ഷാധികാരിയുമായ വികാരി ജനറൽ റവ. ഫാ. ജോൺ മേലേപ്പുറം സ്വാഗതവും ജനറൽ കൺവീനർ ജോഷി ജോസഫ് കൃതജ്ഞതയും അർപ്പിച്ചു. ദീപാ ദീപു പരിപാടികളുടെ എംസിയുമായിരുന്നു.

മലയാളി പ്രീസ്റ്റ് സമ്മേളനം വിജയകരമാക്കുന്നതിന് ഇരുപതോളം വിവിധ കമ്മിറ്റി ചെയർമാന്മാരും കൈക്കാരന്മാരും പള്ളിക്കമ്മിറ്റി അംഗങ്ങളും അനേകം വോളണ്ടിയേഴ്സും സുമനസ്സുകളും ഈ ആത്മീയ നേതാക്കന്മാരുടെ ഒത്തുചേരലിനായി വിവിധ പരിപാടികൾ സൂക്ഷ്മതയോടെ ആസൂത്രണം ചെയ്തു സഹായിച്ചു.

രൂപതയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് നടത്തിയ ഈ വൈദിക സമ്മേളനം "കൊയ്നോനിയ 2025" വെറുമൊരു ആഘോഷമല്ല, അത് ഭാവിയിലെ സഭയുടെ ദൗത്യങ്ങൾക്ക് ആലോചന പകരുന്ന ആത്മീയ പ്രചോദന കേന്ദ്രമായി, സഹജീവിതത്തിന്റെ, സേവനത്തിന്റെ, ആത്മീയ ബന്ധത്തിന്റെ പ്രതീകമായി സഭയുടെ ദൗത്യങ്ങൾക്ക് വഴികാട്ടിയും ദിശാസൂചികയുമായും മാറുമെന്ന് പ്രത്യാശിക്കുന്നതായി മാർ ജോയ് ആലപ്പാട്ട് അഭിപ്രായപ്പെട്ടു.














# മയാമിയിൽ വൈദിക സമ്മേളനത്തിന് അനുഗ്രഹ സമാപ്തി – ചിത്രങ്ങളിലൂടെ...




























# മയാമിയിൽ വൈദിക സമ്മേളനത്തിന് അനുഗ്രഹ സമാപ്തി – ചിത്രങ്ങളിലൂടെ...























# മയാമിയിൽ വൈദിക സമ്മേളനത്തിന് അനുഗ്രഹ സമാപ്തി – ചിത്രങ്ങളിലൂടെ...















